TUESDAY 06-06-2023 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : PADMAM S** **Editor : Dr. BINU HARRIET IVAN**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-06/06/2023.

1. നാളികേര വികസന ബോർഡ്, തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം ലഭിച്ചവർക്കായി തെങ്ങ് കയറ്റം, തെങ്ങ് സംരക്ഷണം, വിളവെടുപ്പ് ഉൾപ്പടെ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു കോൾ സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു. കോൾ സെന്ററിനാവശ്യമായ ഡാറ്റാബേസ് നിർമ്മിക്കുന്നതിന് വേണ്ടി വിവിധ നാളികേര ഉത്പാദക ഫെഡറേഷനുകൾ/കമ്പനി കൾ/സൊസൈറ്റികൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷിഭവനുകൾ വഴി നാളിതുവരെ ബോർഡ് സംഘ ടിപ്പിച്ചിട്ടുള്ള തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്ത് തെങ്ങ് കയറ്റം തൊഴിലായി സ്വീകരിച്ചിട്ടുള്ളവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇവ രുടെ സേവനം പ്രയോജനപ്പെടുത്തും. താൽപര്യമുള്ള തെങ്ങിന്റെ ചങ്ങാതിമാർ വിവരങ്ങൾ നൽകുന്നതി നായി cdbpub@gmail.com എന്ന മെയിൽ ഐഡിയിലോ 0484 2376265, 2376137, 8848061240 എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

2. പനമരം ബ്ലോക്ക് പഞ്ചായത്ത് 2022-2023 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷാ സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിയുടെ സേവനം ഇന്നു മുതൽ ജൂൺ 10 ശനി വരെയുള്ള ദിവസങ്ങളിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമാണ്. പ്രവൃത്തി സമയം - രാവിലെ 10 മുതൽ വൈകീട്ട് 05 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9074583866 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കൊല്ലം ജില്ലയിലെ കുളത്തൂപുഴ മൃഗാശുപത്രി വഴി സർക്കാർ ഫാമിൽ വികസിപ്പിച്ചെടുത്ത അത ത്പാദന ശേഷിയുള്ള 45 മുതൽ 60 ദിവസം പ്രായം ആയ മുട്ടക്കൊഴി കുഞ്ഞുങ്ങളെ കോഴി ഒന്നിന് 130 നൂറ്റി മുപ്പത് രൂപ നിരക്കിൽ ജൂൺ 8-ാം തീയതി രാവിലെ 10 മണി മുതൽ 1 മണി വരെ വിതരണം ചെയ്യുന്നതാണ്. ആവശ്യമുള്ളവർ 9447110978 എന്ന ഫോൺ നമ്പരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ പരിപാലിച്ച് വരുന്ന 4 ആടുകളെ 3 ആൺ ആടും ഒരു പെൺ ആടും ഈ മാസം 7-ന് (ജൂൺ 7 ന് ) പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ അന്നേ ദിവസം രാവിലെ 10.30-നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും

ആയിരം രൂപ നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470298** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടി

6. റബ്ബർബോർഡ് തേനീച്ചവളർത്തലിൽ ഏകദിന പരിശീലനം നടത്തുന്നു. ജൂൺ 06-ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് പരിശീലനം നടത്തുന്നതാണ്. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127, എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ https://training.rubberboard.org.in എന്ന ഈ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ **"സസ്യങ്ങളിലെ പ്രജനനരീതികൾ: ബഡ്ഡിങ്, ഗ്രാഫ്റ്റിങ്"** എന്ന വിഷയത്തിൽ 2023 ജൂൺ 15 ന് ഏകദിന പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 336 രൂപ. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ജൂൺ 14 ന് മുമ്പായി പ്രവർത്തിസമയമായ രാവിലെ 10 മണി മുതൽ 5 മണി വരെ 04872-370773 നമ്പറിൽ ബന്ധപ്പെടുക.

## മൃഗസംരക്ഷണ നിർദ്ദേശം

8. അസ്പെർജില്ലസ് ഫ്ളേവ്വസ് എന്നയിനം പൂപ്പലുകൾ മഴക്കാലത്ത് കാലിതീറ്റയിലുണ്ടാക്കുന്ന രോഗാവസ്ഥയാണ്. അഫ്ലോടോക്സികോസിസ് പ്രധാനമായും പശുക്കളെ ബാധിക്കുന്ന ഒരു രോഗമാണ്. രൂക്ഷ ഗന്ധത്തോട് കൂടിയുള്ള പച്ച നിറത്തിലുള്ള വയറിളക്കം, പാൽ ഉൽപാദനത്തിൽ കുറവ്,

തീറ്റയെടുക്കാൻ മടി, ഗർഭം അലസൽ എന്നിവയാണ് പ്രധാന രോഗലക്ഷണം. മഴക്കാലത്ത് കപ്പലണ്ടി പിണ്ണാക്കിലും കടല പിണ്ണാക്കിലും പൂപ്പൽ ബാധിക്കുന്നതിനുള്ള സാധ്യത ഏറെ ഉള്ളതിനാൽ ഇവയുടെ ഉപയോഗം കുറയ്ക്കുക. കൂടാതെ ഇവ ദീർഘനാൾ സൂക്ഷിച്ചുവെച്ച് ഉപയോഗിക്കാതിരിക്കുക. രോഗം പ്രതിരോധിക്കുന്നതിനായി രണ്ടാഴ്ചയിൽ കൂടുതൽ മഴക്കാലത്ത് കാലിത്തീറ്റകൾ സൂക്ഷിക്കാതിരിക്കുക പൂപ്പൽ ബാധിച്ച തീറ്റകൾ നൽകാതിരിക്കുക നനവ് തട്ടിയ തീറ്റയാണെങ്കിൽ 2 മണിക്കൂറിൽ കൂടുതൽ വെയിലത്ത് ഉണക്കിയ ശേഷം മാത്രം പശുക്കൾക്ക് നൽകുക. തീറ്റ പാത്രം ഉണങ്ങിയതാകാൻ ശ്രദ്ധിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം